പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4350 | 25.06.2019-ൽ മറുപടിക്ക്

## വട്ടുതല മേൽപ്പാലം

### ചോദ്യം

**ശ്രീ.ജോൺ ഫെർണാണ്ടസ്**

(എ) 27.9.2016 ന് ഭരണാനുമതിയും 27.2.2017 ന് കിഫ്ബി 35 കോടി രൂപക്ക് അംഗീകാരവും നൽകിയ വട്ടുതല മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### മറുപടി

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) (ബി) (സി) & (ഡി) വട്ടുതല മേൽപ്പാലം പദ്ധതിയ്ക്കായി 42.92 ആർ സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് 23/08/2017-ൽ റിക്വിസിഷൻ നൽകി. സാമൂഹികാഘാത പഠനത്തിനുശേഷം വിദഗ്ധ സമിതി പച്ചാളം ഭാഗത്ത് പാലത്തിന്റെ ഇരുവശത്തും സർവ്വീസ് റോഡ് നിർദ്ദേശിച്ചതിനാൽ അലൈൻമെന്റ് അപ്രകാരം ഭേദപ്പെടുത്തുകയും തുടർ നടപടികൾക്കായി 20/02/2019-ൽ എൽ.എ.ഒ.യ്ക്ക് നൽകുകയും ചെയ്തു.

എന്നാൽ ഇപ്പോൾ ആർ.ഒ.ബി-യുടെ അലൈൻമെന്റ് പച്ചാളം ഭാഗത്ത് 12 മീറ്ററോളം കിഴക്കോട്ട് നീക്കുവാൻ റെയിൽവേ 22/05/2019 തീയതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അലൈൻമെന്റ് പുനർ നിശ്ചയിച്ച ശേഷം എൽ.എ നടപടികൾ പുനരാരംഭിക്കേണ്ടതിനാലാണ് പദ്ധതിയ്ക്ക് കാലതാമസം നേരിടുന്നത്. കൂടാതെ റെയിൽവേ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരമുള്ള അലൈൻമെന്റിനായി അമ്പലത്തിന്റെ ഹാളും 9 നില ഫ്ലാറ്റും ഉൾപ്പെടെ അനേകം കെട്ടിടങ്ങൾ കൂടി അക്വയർ ചെയ്യേണ്ടതായി വരും. ഇക്കാര്യങ്ങളിലെല്ലാം തീരുമാനം ആയതിനുശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ